**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വിപണിയിലെ ഇടനിലക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് ചിറ്റൂരിൽ ഒരു കർഷകൻ മൂന്നേക്കറിലെ വഴുതന മതിയായ വില കിട്ടാത്തതിനാൽ ഉഴുതുമറിച്ച് നശിപ്പിച്ച സംഭവം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എരുത്തേൻപതി കൃഷി ഭവന്റെ പരിധിയിൽ വഴുതന കൃഷി ചെയ്ത കർഷകൻ യഥാർത്ഥത്തിൽ സീസൺ കഴിയാറായതിനാലും ഓണത്തിന് മുന്നോടിയായി പാവൽ കൃഷിയിറക്കേണ്ട ആവശ്യത്തിനാലുമാണ് വഴുതന കൃഷി ഉഴുതു മറിച്ചത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥരും കൃഷി സ്ഥലം സന്ദർശിച്ച കർഷകനോട് മുഴുവൻ വഴുതനയും സംഭരിക്കാം എന്ന് പറഞ്ഞ് പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഓണത്തിന് മുന്നോടിയായി പാവൽ കൃഷി ഇറക്കേണ്ടതിനാൽ ഉഴുതു മറിച്ചു. നിലവിൽ എല്ലാ ആഴ്ചയിലും ഹോർട്ടികോർപ്പ് കർഷകന്റെ പച്ചക്കറി സംഭരിക്കുന്നുണ്ട്. |
| (ബി) | കാർഷിക വിപണിയിൽ നേട്ടം കൊയ്യുന്നത് യഥാർത്ഥത്തിൽ കർഷകനോ ഉപഭോക്താവോ അല്ല പകരം ഇടനിലക്കാരാണെന്ന യാഥാർത്ഥ്യത്തിലേക്കല്ലേ ഇത് വിരൽ ചൂണ്ടുന്നതെന്ന് അറിയിക്കാമോ; | (ബി) | മതിയായ വിപണന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇടനിലക്കാരെ പ്രോത്സാഹിപ്പിക്കുന്നില്ല. |
| (സി) | എങ്കിൽ ഇടനിലക്കാരന് മുമ്പിൽ വിലപേശുന്നതിന് പകരം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച വിലയും വിപണിയും കണ്ടെത്താൻ കർഷകനെ പ്രാപ്തമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (സി) | കർഷകന് യഥാസമയം വിപണി കണ്ടെത്തുന്നതിനും, വില ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ജീവനി പദ്ധതി പ്രകാരം ആഴ്ച ചന്തകളും, ഇക്കോഷോപ്പുകളും തുടങ്ങി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കർഷകരിൽ നിന്ന് നേരിട്ട് VFPCK, HORTICORP എന്നീ സർക്കാർ സ്ഥാപനങ്ങളും ഉത്പന്നങ്ങൾ ശേഖരിച്ച് ഉത്പന്നത്തിന്റെ വില കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പ്രഖ്യാപനത്തിലൂടെ കർഷകർക്ക് 16 ഇനം പഴം പച്ചക്കറികൾക്ക് ഏറ്റവും കുറഞ്ഞ അടിസ്ഥാന വില ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ